**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1037

07.02.2013 ൽ
മറുപടിക്ക്

**അഡ്വഞ്ചർ ടൂറിസം പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. സി.പി.മുഹമ്മദ്<br>ശ്രീ. എം.എ.വാഹീദ്<br>ശ്രീ. പാലോട് രവി | ശ്രീ. എ.പി.അനിൽകുമാർ<br>(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) അഡ്വഞ്ചർ ടൂറിസം പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | എ) കേരളത്തിലെ കായലുകൾ, കടൽത്തീരം, പശ്ചിമഘട്ടം തുടങ്ങിയ സ്ഥലങ്ങളുടെ അഡ്വഞ്ചർ ടൂറിസം സാദ്ധ്യത കണക്കിലെടുത്ത് കൂടുതൽ തൊഴിലവസരങ്ങളും വരുമാനവും ലഭ്യമാക്കുക എന്നതാണ് അഡ്വഞ്ചർ ടൂറിസം പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യം. |
| ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ഏതെല്ലാം ഏജൻസികളെ ആണ് സഹകരിപ്പിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) പൊതു-സ്വകാര്യ മേഖലകളിലെ വിവിധ ഏജൻസികളെ ഏകോപിപ്പിച്ചും സഹകരിപ്പിച്ചും പദ്ധതി നടപ്പാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |
| സി) ഏതെല്ലാം ടൂറിസ്റ്റ് കേന്ദ്രങ്ങളാണ് ഇതിനുവേണ്ടി തെരഞ്ഞെടുത്തിട്ടുള്ളത്; വിശദമാക്കാമോ; | സി) & ഡി) വിശദമായ പദ്ധതി തയ്യാറാക്കി വരുന്നതേയുള്ളൂ. ഗോവയിലെ കേന്ദ്ര സർക്കാരിൻെറ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സ് ആണ് ഇതിൻെറ ആദ്യഘട്ട പദ്ധതികൾ തയ്യാറാക്കുന്നത്. |
| ഡി) പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ? | |

സെക്ഷൻ ഓഫീസർ